**കേരള സർക്കാർ**
**സംഗ്രഹം**

വനംവന്യജീവി വകുപ്പ് - ഗ്രീൻ പാസ്സ്പോർട്ട് പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നതിന് അനുമതി നൽകിയും, ആയതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം.14/2013/വനം. തിരുവനന്തപുരം, തീയതി, 22.02.2013.

---

പരാമർശം:- വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ 25.01.2013-ലെ ഡബ്ല്യൂ.എൽ..4-35078/2012 നമ്പർ കത്ത്.

**ഉത്തരവ്**

പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുവാൻ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പിലാക്കിയ "ഗ്രീൻ പാസ്സ്പോർട്ട്" എന്ന നൂതന പദ്ധതി/ആശയം സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നതിന് അനുമതി നൽകുവാനും ഇതിന്റെ മാർഗ്ഗരേഖകൾ അംഗീകരിച്ച ഉത്തരവാകുന്നതിനും മേൽ പരാമർശ പ്രകാരമുള്ള കത്തിലൂടെ വന്യജീവി വിഭാഗം മുഖ്യവനപാലകൻ ആവശ്യപ്പെട്ടിരുന്നു.

(2) പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പിലാക്കിയ "ഗ്രീൻ പാസ്സ്പോർട്ട്" പദ്ധതി പ്രകാരം, ഈ പാസ്സ്പോർട്ട് കൈവശമുള്ള വിദ്യാർത്ഥി പങ്കെടുക്കുന്ന പ്രകൃതിപഠന ക്യാമ്പുകളെക്കുറിച്ചും, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും രേഖപ്പെടുത്തി പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഒരു സാക്ഷ്യപത്രമായി ഇതിനെ ഉപയോഗപ്പെടുത്തുവാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ആശയത്തിന്റെ പുതുമയും പ്രയോജനവും കണക്കിലെടുത്ത് വനം വകുപ്പിന്റെ എല്ലാ വന്യമൃഗ സങ്കേതങ്ങളിലും, ടെറിട്ടോറിയൽ ഡിവിഷനുകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടി ഉപകാരപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിനുമാണ് ശുപാർശ ചെയ്തിട്ടുള്ളത്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "ഗ്രീൻ പാസ്സ്പോർട്ട്" എന്ന ആശയം പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിനും ഇത്തരം പ്രവർത്തനങ്ങളിൽ അവരുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സഹായിക്കുമെന്ന് ബോധ്യപ്പെട്ടതിനാൽ ഈ പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ടും, ഇതു സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ, അപേക്ഷാ ഫോറത്തിന്റെ മാതൃക (അനുബന്ധമായി ചേർത്തിട്ടുണ്ട്) എന്നിവ അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

1) ഗ്രീൻ പാസ്സ്പോർട്ട് എല്ലാ ടെറിട്ടോറിയൽ/വൈൽഡ് ലൈഫ് ഡിവിഷനുകളിലും ലഭിക്കുന്നതാണ്.

2) ഒരു വ്യക്തി താമസിക്കുന്ന സ്ഥലത്തിന് ഏറ്റവും അടുത്തുള്ള ഡിവിഷണൽ ഫോറസ്റ്റ് ആഫീസിലോ വന്യജീവി സങ്കേതത്തിന്റെ വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിലോ ഇതിനായി അപേക്ഷിക്കാവുന്നതാണ്.

3) ഓരോ അപേക്ഷകനും 100 രൂപ ഫീസടച്ച് നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്കുള്ള ഫീസ് നിരക്ക് 50 രൂപ ആയിരിക്കും.

4) ഓരോ അപേക്ഷയ്ക്കൊപ്പവും അപേക്ഷകൻ വനം കുറ്റകൃത്യങ്ങളിലൊന്നും ഉൾപ്പെട്ടിട്ടില്ലായെന്നതിനുള്ള സാക്ഷ്യപത്രം അപേക്ഷകന്റെ വാസസ്ഥലത്തിന് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്. സാക്ഷ്യപത്രം അനുവദിച്ച നൽകുന്ന ഓഫീസിൽ നിന്നും ഗ്രീൻ പാസ്സ്പോർട്ടിന് നമ്പരും, ടി ഡിവിഷന്റെ കോഡ് സൂചിപ്പിക്കുന്ന നമ്പരും രേഖപ്പെടുത്തി നൽകണം.

5) അപേക്ഷ നിരസിക്കുകയാണെങ്കിൽ, ആയതിനുള്ള കാരണം ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ/വൈൽഡ് ലൈഫ് വാർഡൻ അപേക്ഷകനെ രേഖാമൂലം 15 (പതിനഞ്ച്) ദിവസത്തിനകം അറിയിച്ചിരിക്കേണ്ടതാണ്.

6) ഗ്രീൻ പാസ്സ്പോർട്ട് കൈവശമുള്ള ഒരാൾ ഓരോ വനം ഡിവിഷനിലും, വന്യമൃഗ സങ്കേതങ്ങളിലും സന്ദർശനാനുമതിയുള്ള സ്ഥലങ്ങളിലെ പ്രവേശന കവാടത്തിൽ പാസ്സ്പോർട്ട് കാണിക്കേണ്ടതും, അതാതു പ്രദേശത്തിനുള്ളിൽ തയ്യാറാക്കിയ സീലുകൾ തീയതി സഹിതം റെയിഞ്ച് ആഫീസറുടെ റാങ്കിൽ കുറയാത്ത ബന്ധപ്പെട്ട ഫോറസ്റ്റ് ഓഫീസർ പാസ്സ്പോർട്ടിൽ രേഖപ്പെടുത്തി നൽകേണ്ടതുമാണ്.

7) ഗ്രീൻ പാസ്സ്പോർട്ടുമായെത്തുന്നവരുടെ ഒരു രജിസ്റ്റർ പ്രവേശന കവാടത്തിൽ വനം വകുപ്പുദ്യോഗസ്ഥർ സൂക്ഷിക്കേണ്ടതാണ്.

8) ഓരോ ഗ്രീൻ പാസ്സ്പോർട്ടിനും ഡിവിഷൻ തലത്തിൽ പ്രത്യേകം നമ്പരുകളും ഡിവിഷൻ കോഡും ഉണ്ടായിരിക്കേണ്ടതാണ്.

9) സന്ദർശനവേളയിൽ, ഗ്രീൻ പാസ്പോർട്ട് കൈവശമുള്ള വ്യക്തി, വന-വന്യമൃഗ സംരക്ഷണത്തിനായി സന്നദ്ധ സേവനം നടത്തുന്നുണ്ടെങ്കിൽ ആ വിവരവും ഗ്രീൻ പാസ്പോർട്ടിൽ രേഖപ്പെടുത്താവുന്നതാണ്. ഉദാഹരണമായി പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം, കാട്ടുതീ അണയ്ക്കൽ, കാട്ടുമൃഗങ്ങൾക്ക് വെള്ളം ലഭ്യമാക്കുന്ന കുളങ്ങൾ കുഴിക്കുക തുടങ്ങിയവ. കൂടാതെ പങ്കെടുക്കുന്ന പ്രകൃതി പഠന ക്യാമ്പുകൾ, മറ്റു പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയും ഗ്രീൻ പാസ്പോർട്ടിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി സീൽ ചെയ്തു നൽകേണ്ടതാണ്.

10) ഗ്രീൻ പാസ്പോർട്ട് കൈവശമുള്ള ഒരാൾക്ക് മറ്റ് ആനുകൂല്യങ്ങൾ ഒന്നും ഇപ്പോൾ വിഭാവനം ചെയ്യുന്നില്ല.

11) അപേക്ഷാ ഫീസിനത്തിലും, മറ്റ് രീതിയിലും ഈ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന തുക ബന്ധപ്പെട്ട റവന്യൂ റസീപ്റ്റ് ഹെഡിൽ അടയ്ക്കുന്നു എന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉറപ്പ് വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ.ശശികുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി & പി.എഫ്.എം), തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

## കേരള വനം വകുപ്പ്

## 'ഗ്രീൻ പാസ്സ്പോർട്ടി'നായുള്ള അപേക്ഷ

| | | | | | | |
|---|---|---|---|---|---|---|
| 1. | അപേക്ഷകന്റെ പേരും മേൽവിലാസവും | | | | | ഫോട്ടോ (പാസ്പോർട്ട് സൈസ്) |
| 2. | മേൽ വിലാസം (വിദ്യാർത്ഥിയെങ്കിൽ സ്കൂൾ / കോളേജിന്റെ വിലാസം) | | | | | |
| 3. | പ്രായം / ജനന തീയതി | : | | 4 . | സ്ത്രീയോ | പുരുഷനോ |
| 5. | ഫോൺ നം. | : | | | | |
| 6. | ഇ മെയിൽ | : | | | | |
| 7. | വിദ്യാഭ്യാസ യോഗ്യത | : | | | | |
| 8. | വനം/വന്യജീവി/പ്രകൃതി സംരക്ഷണം എന്നീ വിഷയങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ *(പ്രകൃതി പഠന ക്യാമ്പ് / വന്യജീവി ഫോട്ടോഗ്രാഫി / വന സംരക്ഷണം / വന്യജീവി കണക്കെടുപ്പ് / കാട്ടുതീ അണയ്ക്കൽ / വനം വകുപ്പുമായി സഹകരിച്ച മറ്റവസരങ്ങൾ തുടങ്ങിയവ)* | : | | | | |
| 9. | വനം വകുപ്പുമായി ബന്ധപ്പെട്ടോ അല്ലാതെയോ മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഭാവിയിൽ ചെയ്യാൻ താല്പര്യപ്പെടുന്ന പ്രവർത്തനങ്ങൾ | : | | | | |
| 10. | ഇതുവരെ സന്ദർശിച്ചി ട്ടുള്ള വനമേഖലകൾ | : | | | | |
| 11. | അപേക്ഷ സമർപ്പിക്കുന്നത് ഏത് ഓഫീസർക്ക് *(വാസസ്ഥലത്തിന് തൊട്ടടുത്തുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡന്)* | : | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ .............. .. ............... / <br> വൈൽഡ് ലൈഫ് വാർഡൻ ............. | | | |

*മേൽ സമർപ്പിച്ച വിവരങ്ങളെല്ലാം ശരിയാണെന്നും വനം കുറ്റകൃത്യങ്ങളിലൊന്നും ഞാൻ ഉൾപ്പെട്ടിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.*

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പ് :
പേര് :

## റെയിഞ്ച് ഓഫീസർ / അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന്റെ സാക്ഷ്യപത്രം

*ശ്രീ. / ശ്രീമതി. / കുമാരി . . . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന മേൽ അപേക്ഷകൻ വനം കുറ്റകൃത്യങ്ങളിലൊന്നും ഉൾപ്പെട്ടിട്ടില്ലെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തി ക്കൊള്ളുന്നു.*

റെയിഞ്ച് ഓഫീസർ / അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന്റെ ഒപ്പ് :

സ്ഥലം :
തീയതി :

പേരും
ഔദ്യോഗിക വിലാസവും :

സീൽ :

*ഗ്രീൻ പാസ്പോർട്ട് അനുവദിക്കുന്ന ഓഫീസിലെ ഔദ്യോഗികാവശ്യത്തിന്:*

ഫയൽ നം :

| | |
|---|---|
| 1. അനുവദിക്കാവുന്നതാണോ (അതേ / അല്ല) | |
| 2. അല്ലെങ്കിൽ എന്തു കൊണ്ട് | |
| 3. അപേക്ഷകൻ ഒടുക്കിയ ഫീസ് (വിദ്യാർത്ഥിയെങ്കിൽ 50/- രൂപയും അല്ലാത്തവർക്ക് 100/- രൂപയും) | |
| 4. ബന്ധപ്പെട്ട ഓഫീസറുടെ ഒപ്പും സീലും (തീയതി സഹിതം) | |
| 5. അനുവദിച്ചെങ്കിൽ നമ്പർ. | |